അദ്ധ്യായം 87

# അൽ അഅ്ലാ

അവതരണം മക്കയിൽ, വചനങ്ങൾ 19

---

അദ്ധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദ്(സ) യുടെ മക്കാജീവിതത്തിന്റെ ആദ്യനാളുകളിൽ അവതരിച്ച അദ്ധ്യായങ്ങളിൽ ഒന്നാണിത്. അദ്ദേഹം ദിവ്യസന്ദേശം സ്വീകരിച്ച് പരിചയം നേടിയിരുന്നില്ലാത്ത സമയത്താണ് മിക്കവാറും ഇത് അവതരിച്ചതെന്ന് ഈ അദ്ധ്യായത്തിലെ തന്നെ ചില വചനങ്ങൾ സൂചിപ്പിക്കുന്നു. 6, 7 വചനങ്ങൾ ശ്രദ്ധിക്കുക.

ഇസ്ലാമിന്റെ അടിസ്ഥനങ്ങളായ ഏകദൈവ വിശ്വാസം, പരലോകം, പ്രവാചകത്വം എന്നിവ മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പരാമർശങ്ങളാണ് ഇതിലെ ഉള്ളടക്കം.

1 മുതൽ 5 വരെയുള്ള വചനങ്ങളിൽ പ്രപഞ്ച സ്രഷ്ടാവായ ഏകദൈവത്തെ പരിചയപ്പെടുത്തുകയും പ്രപഞ്ചസൃഷ്ടിപ്പിലും അതിന്റെ നിയന്ത്രണത്തിലും അവനുള്ള പരമാധിപത്യവും കഴിവും ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

തുടർന്നുള്ള ചില വചനങ്ങളിൽ ദിവ്യബോധനത്തിന്റെ സ്വീകരണവുമായി ബന്ധപ്പെട്ട് പ്രവാചകന് ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. അദ്ദേഹത്തോട് പറയുന്നു: ഈ സന്ദേശം സ്വീകരിക്കാൻ അവരെ നിർബന്ധിക്കേണ്ടതില്ല. ഓർമപ്പെടുത്തിയാൽ ധാരാളം മതിയാകുന്നതാണ്.

മനുഷ്യർ ഈ ലോകത്ത് സ്വീകരിക്കുന്ന ജീവിതനയങ്ങളിലെ വ്യത്യസ്തങ്ങളായ രണ്ട് മാർഗങ്ങളെയും അവയുടെ പരിണതിയെയും കുറിച്ച് ജനത്തെ ബോധ്യപ്പെടുത്തിക്കൊണ്ട് അവസാനത്തെ ചില വചനങ്ങളിൽ പറയുന്നു: ഇത് ഖുർആനിന്റെ മാത്രം പ്രഖ്യാപനമല്ല, ഇബ്റാഹീം നബിയുടെയും മൂസാനബിയുടെയുമൊക്കെ ഗ്രന്ഥങ്ങളിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടായിരുന്നു.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

സബ്ബിഹി — سَبِّحِ

നീ പരിശുദ്ധമാക്കി പ്രകീർത്തിക്കുക

---

ഇസ്മ റബ്ബിക — اسْمَ رَبِّكَ

നിന്റെ നാഥന്റെ നാമത്തെ

---

അൽ അഅ്ലാ — الْأَعْلَى

അത്യുന്നതനായ.

---

അല്ലദീ ഖലഖക — الَّذِي خَلَقَ

നിന്നെ സൃഷ്ടിച്ചവനായ

---

ഫസവ്വാ — فَسَوَّى

എന്നിട്ട് നിന്നെ സംതുലിതമാക്കുകയും ചെയ്തവന്റെ

---

വല്ലദി ഖദ്ദറ — وَالَّذِي قَدَّرَ

കണക്ക് നിശ്ചയിച്ചവന്റെ

---

ഫഹദാ — فَهَدَى

എന്നിട്ട് വഴി കാട്ടുകയും ചെയ്തവന്റെ

---

വല്ലദീ അഖ്റജ — وَالَّذِي أَخْرَجَ

ഉത്പാദിപ്പിച്ചവന്റെ

| | | |
|---|---|---|
| അൽ മർആ | الْمَرْعَى | മേച്ചിൽപുറങ്ങൾ |
| ഫജഅലഹു | فَجَعَلَهُ | എന്നിട്ടതിനെയാക്കി |
| ഗുഥാഅൻ | غُثَاء | ചവർ |
| അഹ്‌വാ | أَحْوَى | ഉണങ്ങിക്കരിഞ്ഞ |
| സനുഖ്‌രിഉക | سَنُقْرِؤُكَ | നിനക്ക് നാം ഓതിത്തരാം. |
| ഫലാ തൻസാ | فَلَا تَنسَى | നീ മറന്നുപോവുകയില്ല |
| ഇല്ലാ മാശാഅല്ലാഹു | إِلَّا مَا شَاء اللَّهُ | അല്ലാഹു ഉദ്ദേശിച്ചതല്ലാതെ |
| ഇന്നഹു | إِنَّهُ | നിശ്ചയം അവൻ |
| യഅ്‌ലമു | يَعْلَمُ | അറിയുന്നുണ്ട് |
| അൽജഹ്‌റ | الْجَهْرَ | പരസ്യമായത് |
| വമാ യഖ്ഫാ | وَمَا يَخْفَى | രഹസ്യമായതും. |
| വനുയസ്സിറുക | وَنُيَسِّرُكَ | നിനക്ക് സൗകര്യമുണ്ടാക്കിത്തരുന്നതുമാണ് |
| ലിൽ യുസ്‌റാ | لِلْيُسْرَى | എളുപ്പമായതിലേക്ക് |
| ഫദക്കിർ | فَذَكِّرْ | അതിനാൽ നീ ഉപദേശിച്ചുകൊള്ളുക |
| ഇന്ന്ഫഅതി | إِن نَّفَعَتِ | ഉപകാരപ്പെടുന്നുവെങ്കിൽ |

| | | |
|---|---|---|
| അദ്ദിക്റാ | ഉപദേശം | الذِّكْرَى |
| സയദ്ദകറു | ഉപദേശം സ്വീകരിക്കുന്നതാണ് | سَيَذَّكَّرُ |
| മൻ യഖ്ശാ | ഭയപ്പെടുന്നവൻ | مَن يَخْشَى |
| വയതജന്നബുഹാ | അതിനെ (ഉപദേശത്തെ) വിട്ടുപോകുന്നതാണ് | وَيَتَجَنَّبُهَا |
| അൽ അശ്ഖാ | ഏറ്റവും ദൗർഭഗ്യവാനായവൻ | الْأَشْقَى |
| അല്ലദീ യസ്്ല | അവൻ കടന്ന് എരിയുന്നതാണ് | الَّذِي يَصْلَى |
| അന്നാറ | നരകത്തിൽ | النَّارَ |
| അൽകുബ്റാ | ഏറ്റവും വലിയ | الْكُبْرَى |
| ഥുമ്മ | പിന്നീട് | ثُمَّ |
| ലാ യമൂത്തു ഫീഹാ | അതിലവൻ മരിക്കുകയില്ല | لَا يَمُوتُ فِيهَا |
| വലാ യഹ്‌യാ | ജീവിക്കുകയുമില്ല | وَلَا يَحْيَى |
| ഖദ് | തീർച്ചയായും | قَدْ |
| അഫ്‌ലഹ | വിജയിച്ചിരിക്കുന്നു | أَفْلَحَ |
| മൻ തസക്കാ | പരിശുദ്ധി നേടിയവൻ | مَن تَزَكَّى |
| വദകറ | സ്മരിക്കുകയും ചെയ്തവൻ | وَذَكَرَ |
| ഇസ്മ റബ്ബിഹി | | اسْمَ رَبِّهِ |

തന്റെ നാഥന്റെ നാമത്തെ

| | |
|---|---|
| ഫസ്വല്ലാ | فَصَلَّى |

എന്നിട്ട് നമസ്കരിക്കുകയും ചെയ്തവൻ

| | |
|---|---|
| ബൽ | بَلْ |

എന്നാൽ

| | |
|---|---|
| തുഅ്ഥിറൂന | تُؤْثِرُونَ |

നിങ്ങൾ പ്രാധാന്യം നൽകുന്നു

| | |
|---|---|
| അൽ ഹയാത്തദ്ദുൻയാ | الْحَيَاةَ الدُّنْيَا |

ഐഹിക ജീവിതത്തിന്

| | |
|---|---|
| വൽ ആഖിറത്തു | وَالْآخِرَةُ |

പരലോകമാകുന്നു

| | |
|---|---|
| ഖൈറുൻ | خَيْرٌ |

ഏറ്റവും ഉത്തമം

| | |
|---|---|
| വ അബ്ഖാ | وَأَبْقَى |

നില നിൽക്കുന്നതും

| | |
|---|---|
| ഇന്ന ഹദാ | إِنَّ هَذَا |

നിശ്ചയം ഇത്

| | |
|---|---|
| ലഫിസ്സ്വുഹുഫി | لَفِي الصُّحُفِ |

ഏടുകളിൽ തന്നെയുണ്ട്

| | |
|---|---|
| അൽ ഊലാ | الْأُولَى |

ആദ്യത്തെ

| | |
|---|---|
| സ്വുഹുഫി | صُحُفِ |

ഏടുകളിൽ

| | |
|---|---|
| ഇബ്റാഹീമ | إِبْرَاهِيمَ |

ഇബ്റാഹീമിന്റെയും

| | |
|---|---|
| വ മൂസാ | وَمُوسَى |

മൂസായുടെയും

വചന വിശകലനം:

سَبِّحِ اسْمَ رَبِّكَ الْأَعْلَى  സബ്ബിഹിസ്മ റബ്ബികൽ അഅ്ലാ

അത്യുന്നതനായ നിന്റെ നാഥന്റെ നാമം നീ വിശുദ്ധമാക്കി പ്രകീർത്തിക്കുക.

മറ്റുള്ളവർ തങ്ങളുടെ ആരാധ്യന്മാരെ സ്മരിക്കുന്നതു പോലെയല്ല സ്രഷ്ടാവായ ഏകദൈവത്തെ സ്മരിക്കേണ്ടതും പ്രകീർത്തിക്കേണ്ടതും. അവന്റെ മഹത്വത്തിന് തീർത്തും യോജിച്ച

നാമം ഉപയോഗിച്ചുകൊണ്ടാകണം അവനെ സ്തുതിക്കുന്നത്. അവന്റെ സദ്നാമങ്ങൾ എന്തൊക്കെയാണെന്ന് അവൻ തന്നെ തന്റെ സൃഷ്ടികളെ പഠിപ്പിച്ചിട്ടുണ്ട്.

അവന്റെ മഹത്വത്തിന് ഏതെങ്കിലും തരത്തിൽ നിരക്കാത്തതോ അവന്റെ കഴിവുകൾക്ക് യോജിക്കാത്തതോ ആയ ഒരു പരാമർശവും ഒരാളുടെ നാവിൽ നിന്ന് ഉണ്ടാകാൻ പാടില്ല.

അവന്റെ നാമം സ്മരിക്കുന്നതും അവനെ സ്തുതിക്കുന്നതും അവന്റെ രാജാധികാരത്തിന് തീർത്തും യോജിച്ച ഭക്തിയോഭയത്തോടും വിനയത്തോടും കൂടിയായിരിക്കണം. അവന്റെ നാമം സ്മരിക്കാൻ പറ്റാത്ത സാഹചര്യങ്ങളിലോ സ്ഥലങ്ങളിലോ വെച്ച് അത് ഉച്ചരിക്കരുത്. കാരണം അവൻ ഏറെ ഉന്നതനും പരിശുദ്ധനുമാകുന്നു.

സ്രഷ്ടാവ് എന്ന നിലക്ക് അവന്റെ ഏകത്വവും പരമാധികാരവും അംഗീകരിക്കാത്തവരുടെ സദസ്സുകളിൽ വെച്ച് അവനെ പറ്റി അനുചിതമല്ലാത്ത രീതിയിൽ തർക്കിക്കുകയും അവരുടെ ദൈവങ്ങളെ ആക്ഷേപിക്കുകയും ചെയ്യരുത്. അവർക്ക് അല്ലാഹുവിനെ ആക്ഷേപിക്കാൻ അത് കാരണമായിമാറും. ഭക്തിയോടും ആദരവോടും കൂടിയാകണം അവനെ പരിശുദ്ധിപ്പെടുത്തുന്നത്.

---

## الَّذِي خَلَقَ فَسَوَّى  അല്ലദീ ഖലഖ ഫസവ്വാ

സൃഷ്ടിക്കുകയും സംതുലിതമാക്കുകയും ചെയ്തവന്റെ.

---

അല്ലാഹു സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്. സൃഷ്ടിച്ച എല്ലാറ്റിനെയും ഏറ്റപ്പറ്റില്ലാതെയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവന്റെ സൃഷ്ടിപ്പിൽ കുറവുകളോ ന്യൂനതകളോ കണ്ടെത്തുവാൻ ആർക്കും സാധിക്കുകയില്ല. എല്ലാറ്റിനെയും അവയുടെ പ്രകൃതിയും ചുറ്റുപാടും കണക്കിലെടുത്ത് അതിനനുസരിച്ച ഘടനയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. അപൂർണമെന്നോ, അന്യൂനമെന്നോ കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നോ പറയാവുന്ന തരത്തിൽ ഒരു വിമർശനത്തിനും പഴുതില്ലാത്ത വിധത്തിലാണ് അവന്റെ സൃഷ്ടികൽപന. അത്രമാത്രം സുന്ദരമായി സൃഷ്ടികൽപന ചെയ്യുന്നവൻ വേറെയില്ല.

കാരണം തികച്ചും യുക്തിയോടു കൂടിയാണ് അവൻ ഓരോ സൃഷ്ടികർമത്തിലും ഏർപ്പെടുന്നത്. വൻ ഗ്രഹങ്ങൾ മുതൽ പരമാണു വരെയുള്ള സൃഷ്ടികൾക്കൊക്കെ ഈ പ്രപഞ്ചത്തിൽ എന്തെല്ലാം വിധത്തിലുള്ള ജീവിതകർമ്മമാണോ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അതിനനുസരിച്ചാണ് അവയുടെ സൃഷ്ടിഘടനയും സംവിധാനിച്ചിട്ടുള്ളത്. അതിൽ ഇനി ഒരു കൂട്ടിച്ചേർക്കലിന്റെ ആവശ്യം നേരിടുന്നില്ല. അത്രമാത്രം യുക്തിയോടെയും സംതുലിതമായും ഏകദൈവത്തിനല്ലാതെ മറ്റാർക്കും സൃഷ്ടി നടത്താൻ സാധിക്കുകയില്ല.

---

## وَالَّذِي قَدَّرَ فَهَدَى വല്ലദീ ഖദ്ദറ ഫഹദാ

കണക്ക് നിശ്ചയിക്കുകയും പിന്നെ വഴി കാണിക്കുകയും ചെയ്തവന്റെ.

---

ഈ വചനത്തിന് രണ്ട് ഭാഗമുണ്ട്. ഒന്ന്, സൃഷ്ടികൾക്ക് സ്രഷ്ടാവ് നിശ്ചയിച്ച ജീവിത നിശ്ചയങ്ങളാണ്.

ഏത് വസ്തു എങ്ങനെ പ്രവർത്തിക്കണം, എവിടെ സ്ഥിതി ചെയ്യണം, ഏത് ഘടനയിൽ നിലകൊണ്ട് പ്രവർത്തിക്കണം എന്നൊക്കെ അല്ലാഹു ഓരോ വസ്തുവിനും നിശ്ചയിച്ചിട്ടുണ്ട്. അവക്കനുഗുണമായ കാലഗണനയോടും സംവിധാനത്തോടും ഗുണത്തോടും സ്വഭാവത്തോടും കൂടിയാണ് വസ്തുക്കളെ സൃഷ്ടിച്ചിട്ടുള്ളത്. ഇതത്രെ ഈ വചനത്തിന്റെ പ്രഥമ ഭാഗത്ത് അടങ്ങിയിട്ടുള്ളത്.

ഈ പ്രപഞ്ച ഘടനയിൽ എങ്ങനെ ജീവിക്കണം, എങ്ങനെ പ്രവർത്തിക്കണം എന്ന് അവൻ ബോധനം നൽകാത്ത ഒരു വസ്തുവും ഈ പ്രപഞ്ചത്തിലില്ല. കരയിലും കടലിലും വായുവിലുമുള്ള ചെറുതു മുതൽ വലിയ ജീവികളൊക്കെ തന്നെ ഈ ബോധനമനുസരിച്ചാണ് ജീവിക്കുന്നത്. അത് അവയുടെ പ്രകൃതിയായാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. അതിനെ മറികടന്നു ജീവിക്കുവാൻ ഒന്നിനും സാധ്യമല്ല. ഓരോ ജീവിയെയും പരിശോധിച്ചാൽ അക്കാര്യം മനസ്സിലാക്കാൻ സാധിക്കും. ഇതത്രെ വചനത്തിന്റെ രണ്ടാം ഭഗം സൂചിപ്പിക്കുന്നത്.

ജീവികളിൽ ഓരോന്നിനും നിശ്ചയിച്ച പ്രകൃതി അവക്ക് നിർവഹിക്കാനുള്ള ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോന്നിനും അവയുടെ ബുദ്ധിക്കും പ്രകൃതിക്കും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലാണ് ബോധനം നൽകിയത്. മനുഷ്യന് നൽകിയ പ്രകൃതിയും ബോധനവുമല്ല നാൽക്കാലികൾക്ക് നൽകിയിട്ടുള്ളത്. അതേ പ്രകൃതിയും ജീവിത രീതിയുമല്ല കൃഷിക്ക് നൽകിയിട്ടുള്ളത്. മനുഷ്യൻ തന്റെ ബുദ്ധിശക്തി കൊണ്ട് അവന്റെ ജീവിതത്തിന് ആവശ്യമായതെല്ലാം കണ്ടുപിടിക്കുമ്പോൾ അവനെ സഹായിക്കുകയെന്നതാണ് മറ്റു ജീവജാലങ്ങൾക്ക് നൽകപ്പെട്ട പ്രകൃതിയും ബോധനവും. ഇതെ ബോധന

ത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഭൂമിയിൽ ജീവസന്ധാരണം നടക്കുന്നത്. അതുകൊണ്ടാണ് കഴിഞ്ഞ വചനത്തിൽ സൂചിപ്പിച്ചതു പോലെ അല്ലാഹുവിന്റെ സൃഷ്ടിക്രിയകളെല്ലാം യുക്തിപരമാണെന്ന് പറയാൻ കാരണം.

---

وَالَّـذِي أَخْـرَجَ الْمَرْعَـى ﴿٤﴾ فَجَعَلَـهُ غُثَـاء أَحْـوَى വല്ലദീ അഖ്റജൽ മർആ ഫജഅലഹു ഗുഥാഅൻ അഹ്‌വാ

മേച്ചിൽ പുറങ്ങൾ ഉണ്ടാക്കുകയും എന്നിട്ടതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കിമാറ്റുകയും ചെയ്തവനായ(രക്ഷിതാവിന്റെ നാമം)

---

ഭൂമിയിൽ വസന്തത്തിന്റെ വരവോടെ സസ്യങ്ങളെല്ലാം പുഷ്പിക്കുകയും ഭൂമി പച്ചയണിഞ്ഞു നിൽക്കുകയും അതിന്റെ പരിമളം എങ്ങും നിറയുകയും ചെയ്യുന്നു. അനുഷ്യരുടെയും ജീവജാലങ്ങളുടെയും ജീവിതത്തിനത് ഉന്മേഷവും ആനന്ദവും നൽകുന്നു. നിശ്ചിത സമയത്ത് ആഗമിക്കുകയും ഭൂമിയെ പച്ചയണിയിക്കുകയും അതുവഴി അതിനെ സജീവമാക്കുകയും ചെയ്യുന്ന ഈ കാലപ്രക്രിയ മനുഷ്യന്റെയോ മറ്റു വല്ലവരുടെയോ ശ്രമഫലമായല്ല സംഭവിക്കുന്നത്. ഏകനായ അല്ലാഹുവിന്റെ നിയന്ത്രണമനുസരിച്ചാണത് സംഭവിക്കുന്നത്. അതിൽ മനുഷ്യനടക്കം ജീവജാലങ്ങൾക്ക് ജീവിതവിഭവങ്ങളുണ്ട്.

ഈ പ്രതിഭാസത്തിനപ്പുറം കാലത്തിന്റെ തന്നെ മറ്റൊരു ഘട്ടം വരികയും അതോടെ ഇടതിങ്ങി വളർന്ന സസ്യങ്ങളെല്ലാം ഉണക്കിക്കരിഞ്ഞു ചവറായി മാറുന്നു. അതിന് പര്യാപ്തമാം വിധം കാലത്തെ ചിട്ടപ്പെടുത്തി സംവിധാനിച്ചത് ഏകനായ അല്ലാഹു തന്നെയാണ്.

ഈ രീതിയിൽ തളിർക്കുകയും വളരുകയും പുഷ്പിക്കുകയും പിന്നെ ഇല കൊഴിയുകയും ഉണങ്ങിക്കരിയുകയും ചെയ്യുന്ന പ്രതിഭാസം മനുഷ്യജീവിതത്തിലും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതത്രെ ജീവിതവും മരണവും.

---

سَنُقْرِؤُكَ فَلَا تَنسَى സനുഖ്‌രിഉക ഫലാ തൻസാ

നാം നിനക്ക് ഓതിത്തരാം. അപ്പോൾ നീ മറക്കുകയില്ല.

---

ദിവ്യബോധനത്തിന്റെ സ്വീകരണവുമായി ബന്ധപ്പെട്ട് മുഹമ്മദ് നബിക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണ് ഈ വചനത്തിന്റെ ഉള്ളടക്കം. ദിവ്യബോധനം അവതരിച്ചു തുടങ്ങിയ ആദ്യനാളുകളിൽ അദ്ദേഹം അത് മറന്നുപോകുമോ എന്ന് അധികമായി ഭയപ്പെട്ടിരുന്നു. അതിനാൽ തന്നെ ദിവ്യബോധനം അവതരിച്ചു കൊണ്ടിരിക്കെ അത് ആവർത്തിച്ചാവർത്തിച്ച് ഉരുവിടുമായിരുന്നു. അതിനാലാണ് ഇത്തരം വചനത്തിലൂടെ അല്ലാഹു അദ്ദേഹത്തെ ധൈര്യപ്പെടുത്തുന്നത്: ദിവ്യബോധനത്തിൽ വല്ലതും മറന്നുപോകുമെന്ന ഭയം നിനക്ക് ഒട്ടും വേണ്ട. നാം നിനക്ക് ഓതിത്തരും. അത് വിസ്മൃതമാകാതെ ഓർമപ്പെടുത്തിത്തരികയും ചെയ്യും. അതിനാൽ തന്നെ അദ്ദേഹം വല്ലതും മറന്നുപോവുകയോ മാറ്റിപ്പറയുകയോ ചെയ്ത ഒരു സംഭവവും ഉണ്ടായിട്ടില്ല.

---

إِلَّا مَا شَاء اللَّهُ إِنَّهُ يَعْلَمُ الْجَهْرَ وَمَا يَخْفَى ഇല്ലാ മാശാഅല്ലഹു ഇന്നഹു യഅ്ലമുൽ ജഹ്റ വമാ യഖ്ഫാ

അല്ലാഹു ഉദ്ദേശിച്ചതൊഴിച്ച്. അവൻ പരസ്യമായതും രഹസ്യമായതും അറിയുന്നവനാകുന്നു.

---

ഈ ഖുർആനിനെ താങ്കൾക്ക് ഇറക്കിത്തരുന്നത് അല്ലാഹുവാകുന്നു. അവൻ തന്നെ അതിനെ താങ്കളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയും ചെയ്യും. ഇനി താങ്കൾ വല്ലതും വിസ്മരിക്കുകയാണെങ്കിൽ അതും അല്ലഹുവിൽനിന്നുള്ളതാകുന്നു. അവൻ ഉദ്ദേശിച്ചാൽ അവൻ ഇഛരിക്കുന്ന ഭാഗം താങ്കളുടെ ഹൃദയത്തിൽനിന്ന് നീക്കിക്കളയാൻ അല്ലാഹുവിന് സാധിക്കും.

അങ്ങനെയൊന്ന് സംഭവിച്ചിട്ടില്ല. താൽകാലികമായ വിസ്മൃതി ഉണ്ടായിട്ടുണ്ടെങ്കിലും ഖുർആനിലെ ഏതെങ്കിലും വാക്യം സ്ഥിരമായി മറന്നുപോകുന്ന അവസ്ഥ ഉണ്ടാകുന്നതിൽനിന്ന് അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചിരുന്നു. അത്തരം ഒരു ഭയം പ്രവാചകർക്ക് ഉണ്ടായിരുന്നു. അത്തരം വിസ്മൃതിയിൽനിന്ന് താങ്കളെ സംരക്ഷിക്കുമെന്നാണ് അല്ലാഹു ഉറപ്പ് കൊടുക്കുന്നത്.

وَنُيَسِّرُكَ لِلْيُسْرَى വനുയസ്സിറുക ലിൽ യുസ്റാ

നിനക്ക് ഏളുപ്പമായതിലേക്ക് നാം സൗകര്യം ഉണ്ടാക്കിത്തരികയും ചെയ്യും.

നാം താങ്കളെ ഉത്തരവാദപ്പെടുത്തിയിട്ടുള്ള കർമ്മങ്ങളിൽ ഒരിക്കലും ക്ലേശം ഉണ്ടാക്കിവെച്ചിട്ടില്ല. ഇക്കാര്യം വളരെ ലളിതമായ രീതിയിൽ ചെയ്യുവാനാണ് താങ്കളോട് നാം ആവശ്യപ്പെടുന്നത്. ആരെയും നിർബന്ധിക്കാനോ, ഇഷ്ടമില്ലാത്തവനെക്കൊണ്ട് ഇത് അംഗീകരിപ്പിക്കാനോ നാം ആവശ്യപ്പെടുന്നില്ല. അക്കാര്യത്തിൽ താങ്കൾക്ക് ഏളുപ്പവും സൗകര്യവുമാണ് നാം ചെയ്തുതന്നിട്ടുള്ളത്.

നാം നിനക്ക് എളുപ്പമായതിലേക്ക് സൗകര്യം ചെയ്തു തരും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകന് നൽകിയ ശരീഅത്ത് നിയമവും ദീനീവ്യവസ്ഥയുമാണെന്നും അതനുസരിച്ച് പ്രവർത്തിക്കുക വളരെ ഏളുപ്പമാണെന്നും ചില പണ്ഡിതന്മാർ വിശദീകരണം നൽകിയിട്ടുണ്ട്. ശരി ഏതെന്ന് കൂടുതൽ അറിയുന്നവൻ അല്ലാഹുവാകുന്നു.

فَذَكِّرْ إِن نَّفَعَتِ الذِّكْرَى ഫദക്കിർ ഇന്നഫഅതിദ്ദിക്റാ

അതിനാൽ നീ ഉദ്ബോധിപ്പിക്കുക. ഉദ്ബോധനം ഉപകാരപ്പെടുന്നെങ്കിൽ.

പ്രബോധനത്തിന്റെ രീതിയാണിത്. വിജ്ഞാനം വെക്കേണ്ട സ്ഥാനമേതെന്നും ഈ നിർദ്ദേശത്തിൽനിന്ന് മനസ്സിലാക്കാം. അതായത്, എല്ലാവരെയും ഒരുപോലെ ഉപദേശിക്കുകയെന്നതല്ല, ഉപദേശം കേൾക്കാൻ സന്നദ്ധതയുള്ളവരെ ഉപദേശിക്കുകയെന്നതാണ് പ്രബോധനത്തിന്റെ രീതി. കേൾക്കാൻ സന്നദ്ധതയും താൽപര്യവുമാണ് വിജ്ഞാനം നൽകുന്നതിനും മാനദണ്ഡം.

കളിയും തമാശയുമായി ദൈവികസന്ദേശത്തെ സ്വീകരിക്കുന്നവരെയല്ല, ദൈവിക സന്ദേശം കേൾക്കുവാനും ഉൾക്കൊള്ളുവാനും സ്വീകരിക്കുവാനും തയാറുള്ളവരെയാണ് ഉപദേശിക്കേണ്ടത്. അല്ലാത്തവരെയും തീർച്ചയായും ഉപദേശിക്കണം. പക്ഷേ, അവരെക്കാൾ ആദ്യം പറഞ്ഞ വിഭാഗത്തിനാണ് പ്രാധാന്യം കൽപ്പിക്കേണ്ടത്.

سَيَذَّكَّرُ مَن يَخْشَى സയദ്ദക്കറു മൻ യഖ്ശാ

ഭയപ്പെടുന്നവൻ ഉപദേശം സ്വീകരിക്കും.

ഇവിടെ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, ദൈവത്തെ സംബന്ധിച്ച വിചാരവും ഭക്തിയും മനസ്സിലുള്ളവൻ വേഗം ദൈവികസന്ദേശം സ്വീകരിക്കും. രണ്ട്, ദൈവികശിക്ഷയെ ഭയപ്പെടുകയും സ്വന്തം ഭാഗധേയം നന്നാക്കണമെന്ന തോന്നുകയും ചെയ്യുന്നവനും ഈ ക്ഷണം സ്വീകരിക്കും. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഈ ഉദ്ബോധനം കൊണ്ട് യാതൊരു പ്രയോജനവും കിട്ടുകയില്ല.

وَيَتَجَنَّبُهَا الْأَشْقَى ﴿١١﴾ الَّذِي يَصْلَى النَّارَ الْكُبْرَى വയതജന്നബുഹൽ അശ്ഖാ, അല്ലദീ യസ്ലന്നാറൽ കുബ്റാ

ഭാഗ്യഹീനൻ അതിൽനിന്നകന്നുകളയും. ഭയങ്കര നരകത്തിൽ ചെന്നെത്തുന്നവനാണവൻ.

ദൈവിക ശിക്ഷയെ സംബന്ധിച്ച് തികഞ്ഞ അശ്രദ്ധനും ധിക്കാരം കൈക്കൊണ്ട് അതിനെ തള്ളിക്കളയുന്നവനുമാണ് ഇവിടെ ഉദ്ദേശ്യം. അത്തരക്കാരെ ഭാഗ്യഹീനർ എന്ന പൊതു സംജ്ഞകൊണ്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. വിശ്വാസവും അതിനനുസരിച്ച ജീവിതവും ദൈവത്തിങ്കൽ മഹത്തായ കാര്യമാകുന്നു. അതിന് അക്ഷയമായ പ്രതിഫലമാണ് അവൻ ഒരുക്കിയിട്ടുള്ളത്. ദൈവിക സന്ദേശത്തെ തള്ളിക്കളയുന്നവന് അത് ലഭിക്കാതെ പോവുക മാത്രമല്ല സംഭവിക്കുക, കത്തിയെരിയുന്ന നരകത്തിലേക്കവൻ എറിയപ്പെടുകയും ചെയ്യും. അതുതന്നെയാണ് ഏറ്റവും വലിയ ദൗർഭാഗ്യവും പരാജയവും.

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَى ഥുമ്മ ലാ യമൂത്തു ഫീഹാ വലാ യഹ്യാ

പിന്നെ അവനതിൽ മരിക്കുകയില്ല, ജിവിക്കുകയുമില്ല.

ആസ്വാദ്യകരമായ ജീവിതമായിരിക്കില്ല, യാതനയുടെ പാരമ്യത്തിലെത്തിയ ജീവിതമായിരിക്കും അത്തരക്കാർക്ക് അവിടെ ഉണ്ടാവുക. സാക്ഷാൽ നരകജീവിതം. എന്നാൽ അവിടെ അനുഭവിക്കുന്ന നരകശിക്ഷ അവരെ മരിപ്പിക്കുകയുമില്ല. ജീവിതത്തിൽ അനുവർത്തിച്ചിരുന്ന ദൈവധിക്കാരത്തിന്റെ മുഴുവൻ ശിക്ഷയും അനുഭവിച്ചുതീർക്കാനാണ് അത്തരം ഒരു സംവിധാനം സ്രഷ്ടാവ് ചെയ്തിട്ടുള്ളത്. അവന്റെ ശിക്ഷയിൽ നിന്ന് എന്തെങ്കിലും ഇളവ് അവന് ലഭിക്കത്തക്ക ഒന്നും അവിടെ അവശേഷിക്കുകയില്ല.

---

قَدْ أَفْلَحَ مَن تَزَكَّى ഖദ് അഫ്‌ലഹ മൻ തസക്കാ

വിശുദ്ധി കൈക്കൊണ്ടവൻ തീർച്ചയായും വിജയിച്ചു.

---

സത്യനിഷേധപരവും ബഹുദൈവത്വപരവുമായ ജീവിതത്തിൽനിന്നും സ്വയം മുക്തനായി ഏകദൈവത്തെ മാത്രം ആരാധിക്കുന്ന ജീവിതരീതിയാണ് വിശുദ്ധി കൊണ്ടുദ്ദേശിക്കുന്നത്.

അത്തരത്തിലുള്ള ആദർശം അംഗീകരിക്കുന്ന വ്യക്തിയുടെ ജീവിതം മുഴുവൻ സംസ്കരിക്കപ്പെടുകയും അയാൾ വിശുദ്ധനായിത്തീരുകയും ചെയ്യുന്നു. അത്തരം ആളുകൾക്കാണ് ജീവിതവിജയം ലഭിക്കുക. ഒരുപക്ഷേ, ഭൗതികലോകത്ത് അവരുടെ ജീവിതം സമ്പന്നമാകണമെന്നില്ല. അതല്ല യഥാർഥ വിജയത്തിന്റെ മാനദണ്ഡം. പരലോകത്തെ വിജയമാണ് യഥാർഥമായിട്ടുള്ളത്. അവിടത്തെ വിഭവങ്ങളെ അപേക്ഷി ച്ച് ഐഹിക വിഭവങ്ങൾ വളരെ തുഛമാണ്. ഭൗതികലോകത്തെ വിജയമല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

---

وَذَكَرَ اسْمَ رَبِّهِ فَصَلَّى വദകറസ്മ റബ്ബിഹി ഫസ്വല്ലാ

തന്റെ നാഥന്റെ നാമം സ്മരിക്കുകയും നമസ്കരിക്കുകയും ചെയ്തവനും (വിജയിച്ചിരിക്കുന്നു)

---

സ്മരണ കൊണ്ടുദ്ദേശിക്കുന്നത് ജീവിതത്തിലുടനീളം ദൈവത്തെ ഓർക്കുകയും അവനെ വിസ്മരിച്ചുള്ള ഒരു നിമിഷവും ജീവിതത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുക എന്നതാണ്. ദൈവസ്മരണ നിലനിൽക്കുന്ന മനസ്സുകളിലാണ് സംസ്കരണം നടക്കുക. അത്തരം ആളുകളാണ് വിജയികൾ.

ഈ സ്മരണ വ്യക്തിയുടെ ജീവിതത്തിൽ നിലനിറുത്തുവാനാണ് നമസ്കാരം നിർബന്ധമാക്കിയിട്ടുള്ളത്. ദൈവത്തെ സ്മരിക്കുകയും നമസ്കരിക്കുകയും അതിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുകയും ചെയ്യുന്നവരാണ് വിജയം വരിക്കുന്നവർ. ഇക്കാര്യം ഖുർആൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്.

---

بَلْ تُؤْثِرُونَ الْحَيَاةَ الدُّنْيَا ബൽ തുഅ്ഥിറൂനൽ ഹയാത്തദ്ദുൻയാ

പക്ഷേ നിങ്ങൾ ഭൗതിക ജീവിതത്തിന് മുൻഗണന നൽകുന്നു.

---

മരണത്തെപ്പോലും വിസ്മരിച്ച് ഭൗതികജീവിതത്തിന്റെ സുഖത്തിനു വേണ്ടിയാണ് മനുഷ്യൻ പ്രയത്നിക്കുന്നത്. പരലോകജീവിത വിജയത്തിനാവശ്യമായ കർമ്മങ്ങൾ അവനെ സംബന്ധിച്ചിടത്തോളം അപ്രധാനമാണ്. ഭൗതികലോകത്തിന്റെ തുഛമായ വിഭവങ്ങളാണ് അവന് വലുതും പ്രധാനവും. എത്ര കിട്ടിയാലും അവന് മതിയാവുകയുമില്ല. അതിനു വേണ്ടി ഏത് അഹിതമാർഗം സ്വീകരിക്കുവാനും ആളുകൾക്ക് അശേഷം മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടുന്നില്ല. ഇതുതന്നെയാണ് അവന്റെ ഏറ്റവും വലിയ പരാജയം.

---

وَالْآخِرَةُ خَيْرٌ وَأَبْقَى വൽ ആഖിറത്തു ഖൈറുൻ വഅബ്ഖാ

എന്നാൽ പരലോകമാണ് ശ്രേഷ്ഠവും ശാശ്വതവുമായിട്ടുള്ളത്.

---

മനുഷ്യനെ സംബന്ധിച്ചിടത്തോളം പരലോകം അനുഭവിക്കാൻ സാധിച്ചിട്ടില്ലാത്ത തിനാൽ അതിലെ രക്ഷാ ശിക്ഷകളെക്കുറിച്ച വൃത്താന്തം സ്വീകരിക്കുന്നതിൽ ചില പ്രയാസങ്ങൾ അവനുണ്ട്. ചിന്തയുടെ അപര്യാപ്തതയും തിന്മയോടുള്ള പ്രതിപത്തിയും മരണഭയവുമാണ് അതിന് കാരണം. എന്നാൽ, ബുദ്ധിപൂർവം ചിന്തിക്കുന്ന ഒരാൾക്ക് പ്രയാസമൊന്നുമില്ലാതെ പരലോകത്തെ ഉൾക്കൊള്ളാനും അവിടത്തെ സുഖത്തിനു വേണ്ടി പ്രയത്നിക്കാനും പ്രയാസമൊന്നുമുണ്ടാവുകയില്ല. ഇവിടെ രണ്ട് കാര്യങ്ങൾ നാം മനസ്സിലാക്കണം. ഒന്ന്, കുറഞ്ഞ കാലത്തെ ജീവിതം കൊണ്ട് അനുഭ വിച്ചു തീരുന്നതാണ് ഭൗതികലോകത്തിന്റെ വിഭവങ്ങൾ. അതും എപ്പോഴും തുല്യവുമല്ല. പ്രയാസങ്ങളും കഷ്ടപ്പാടും ദുഃഖവും വേദ

നയുമൊക്കെ അതിന്റെ ഭാഗമാണ്. എന്നാൽ പരലോകത്ത് സ്ഥിതി മറിച്ചാണ്. അവിടത്തെ ജീവിതത്തിൽ മരണമില്ല. മരണമില്ലാത്തിടത്ത് ജീവിതവിഭവങ്ങൾ അക്ഷയമായിരിക്കും.

രണ്ട്, ഐഹികജീവിതം എത്രതന്നെ സമ്പൽസമൃദ്ധമാണെങ്കിലും അതിന്റെ ആസ്വാദ്യതക്ക് ഒരു പരിധിയുണ്ട്. കുറച്ചു കഴിഞ്ഞാൽ അത് മടുക്കും. പരലോകത്തിന്റേത് അങ്ങനെയല്ല, അതൊരിക്കലും മടുക്കുന്നതല്ല, കാരണം, ഒരേ വിഭവം തന്നെ കൂടുതൽ കൂടുതൽ ആസ്വാദ്യകരമായാണ് നൽകുക. അത് അനുഭവിക്കുന്നവർക്കും അങ്ങനെയാണ് തോന്നുക. അതിനാൽ പരലോക വിഭവങ്ങൾക്കൊരിക്കലും മടുപ്പില്ല. അത് ഇഹലോകവിഭവത്തേക്കാൾ ശ്രേഷ്ഠമായിരിക്കും.

---

إِنَّ هَذَا لَفِي الصُّحُفِ الْأُولَى ഇന്ന ഹദാ ലഫിസ്സുഹുഫിൽ ഊലാ

ഇബ്റാഹീമിന്റെയും മൂസായുടെയും വേദങ്ങളിൽ.

صُحُفِ إِبْرَاهِيمَ وَمُوسَى സ്വുഹുഫി ഇബ്റാഹീമ വമൂസാ

തീർച്ചയായും ഇത് പൂർവ വേദങ്ങളിൽ ഉള്ളതാകുന്നു.

---

ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ച ഉപദേശങ്ങളൊന്നും പുതിയതല്ല. പ്രാവചകന്മാരായ മൂസക്കും ഇബ്റാഹീമിനും അവതീർണമായ ആകാശഗ്രന്ഥങ്ങളിൽ വിശദീകരിക്കപ്പെട്ട ഉദ്ബോധനങ്ങളാണിവ. ആദികാലം മുതൽ തന്നെ ഇത് മനുഷ്യവംശങ്ങൾക്ക് നൽകിയിരുന്നു എന്നർഥം. നിങ്ങളുടെ ഗുണത്തിനായി ഇപ്പോൾ അക്കാര്യം പ്രവാചകൻ മുഹമ്മദിലൂടെ ആവർത്തിച്ചു പറഞ്ഞു എന്നുമാത്രം.